# മലക്കുകളുടെ പ്രാർത്ഥനക്ക് വിധേയരാകുന്നവർ

[ Malayalam ]

# من تصلي عليهم الملائكة

[ باللغة مليالم ]


മുഹമ്മദ് സ്വാദിഖ് മദീനി

إعداد : محمد صادق مديني

എഡിറ്റർ: അബ്ദുൽ ജബ്ബാർ മദീനി

مراجعة: عبد الجبّار عبدالله



ISLAMIC DA'WAH & GUIDANCE CENTER- DAMMAM- KSA
8272772, 8054445 www.islamwhy.com

بسم الله الرحمن الرحيم

പ്രകാശം കൊണ്ട് സൃഷ്ടിക്കപെട്ട അല്ലാഹുവിന്റെ ഒരു വിഭാഗം പടപ്പുകളാകുന്നു മലക്കുകൾ. ഭക്ഷണമോ, വെള്ളമോ ആവശ്യമില്ലാത്ത, ക്ഷീണമോ, മടുപ്പോ ഇല്ലാത്ത അവരുടെ ജോലി ദൈവകൽപ്പനകൾ പ്രാവർത്തികമാക്കലാണ്. അല്ലാഹുവുമായി അടുത്ത ഈ മഹാസൃഷ്ടികൾ വിശ്വാസികളിൽപെട്ട ചിലർക്ക് പാപമോചനത്തിനായി പ്രാർത്ഥിക്കുന്നു. മലക്കുകളുടെ സ്വലാത്ത് കൊണ്ട് വിവക്ഷിക്കുന്നത് അതാണ്. അല്ലാഹുവിന്റെ കാരുണ്യവും പുകഴ്ത്തലുമാണ് അല്ലാഹു സ്വലാത്ത് ചൊല്ലുന്നു എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത്. അത്തരം വിശ്വാസികളെ കുറിച്ചാണ് താഴെ സൂചിപ്പിക്കുന്നത്.

## 1: നമസ്കാരത്തിനായി പള്ളിയിലേക്ക് വരുന്നവർ

നബി ﷺ പറഞ്ഞു: തീർച്ചയായും നമസ്കരിക്കാൻ പള്ളിയിലേക്ക് വരുന്നവന് മലക്കുകൾ സ്വലാത്ത് ചൊല്ലുന്നു. അല്ലാഹുവേ, ഇയാൾക്ക് പൊറുത്തു കൊടുക്കേണമേ, അദ്ദേഹത്തോട് കാരുണ്യം കാണിക്കേണമേ എന്നവർ പ്രാർത്ഥിച്ച്കൊണ്ടിരിക്കും. വുളു നഷ്ട്ടപെടുകയോ ഉപദ്രവിക്കാതിരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ. (മുസ്ലിം)

## 2: നമസ്കാരം പ്രതീക്ഷിച്ച് പള്ളിയിൽ ഇരിക്കുക

നബി ﷺ പറഞ്ഞു : നിങ്ങളിൽ ഒരാൾ നമസ്കാരം പ്രതീക്ഷിച്ച് ഇരിക്കുമ്പോൾ വുളു നഷ്ട്ടപെട്ടിട്ടില്ലെങ്കിൽ മലക്കുകൾ ഇപ്രകാരം പ്രാർത്ഥിച്ച്കൊണ്ടിരിക്കും, അല്ലാഹുവേ, ഇയാൾക്ക് പൊറുത്തു കൊടുക്കേണമേ, അദ്ദേഹത്തോട് കാരുണ്യം കാണിക്കേണമേ. (മുസ്ലിം)

**3: നമസ്കാരത്തിന് മുൻ സ്വഫിൽ നിൽക്കുന്നവർ**

നബിﷺ പറഞ്ഞു :തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും മുൻ നിരകളിൽ നമസ്കരിക്കുന്നവർക്കായി സ്വലാത്ത് ചൊല്ലുന്നു (നസാഇ)

**4: സ്വഫിൽ വലത് ഭാഗത്ത് നിൽക്കുന്നവർ**

നബിﷺ പറഞ്ഞു : തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും സ്വഫിന്റെ വലത് ഭാഗത്ത് നിൽക്കുന്ന വർക്കായി സ്വലാത്ത് ചൊല്ലുന്നു (അബൂദാവൂദ്)

**5: സ്വഫ് പരിപൂർണ്ണമാക്കുന്നവർ**

നബിﷺ പറഞ്ഞു : തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും സ്വഫുകൾ (പരിപൂർണ്ണമായി) ചേർക്കുന്നവർക്കായി സ്വലാത്ത് ചൊല്ലുന്നു (അഹ്മദ്, ഇബ്നുമാജ)

**6: ഇമാം ഫാത്തിഹ ഓതുമ്പോൾ**

നബിﷺ പറഞ്ഞു : ഇമാം غير المغضوب عليهم ولاالضالين എന്ന് പറഞ്ഞാൽ നിങ്ങൾ ആമീൻ എന്ന് പറയുവിൻ. കാരണം ആരുടെ വാക്കുകളാണോ മലക്കുകളുടെ വാക്കുമായി യോജിച്ച് വരുന്നത് അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും (ബുഖാരി)

**7: നമസ്കാര ശേഷം അവിടെ തന്നെ ഇരിക്കുന്നവൻ**

നബിﷺ പറഞ്ഞു :നിങ്ങളിൽ ഒരാൾ നമസ്കാരശേഷം അവിടെ തന്നെ ആയിരിക്കുമ്പോഴെല്ലാം മലക്കുകൾ അവന് വേണ്ടി അല്ലാഹുവേ, അദ്ദേഹത്തിന് പൊറുത്തു കൊടുക്കേണമേ, അദ്ദേഹത്തോട് കാരുണ്യം കാണിക്കേണമേ എന്ന് പ്രാർത്ഥിച്ച് കൊണ്ടിരിക്കും .അവന് വുളു മുറിഞ്ഞിട്ടില്ലെങ്കിൽ. (അഹ്മദ്)

**8: സുബ്ഹി, അസർ എന്നിവ ജമാഅത്തായി നമസ്കരിച്ചവൻ**

നബിﷺ പറഞ്ഞു :രാത്രിയിലേയും പകലിലേയും മലക്കുകൾ സുബ്ഹി,അസർ എന്നീ നമസ്കാരങ്ങളിൽ ഒരുമിച്ച് കൂടുന്നു. പ്രഭാത നമസ്കാരത്തിൽ അവർ ഒരുമിച്ച് കൂടും അപ്പോൾ രാത്രിയിലുള്ള മലക്കുകൾ കേറിപ്പോകുന്നു, പകലിലെ മലക്കുകൾ സ്ഥിരമായി നിൽക്കുന്നു. അസർ നമസ്കാരത്തിലും അവർ ഒരുമിച്ച് കൂടുന്നു, അപ്പോൾ പകലിലെ മലക്കുകൾ കേറിപ്പോകുന്നു, രാത്രയിലെ മലക്കുകൾ സ്ഥിരമായി നിൽക്കുന്നു. അപ്പോൾ അവരുടെ രക്ഷിതാവ് അവരോട് ചോദിക്കും: ഏത് രൂപത്തിലാണ് നിങ്ങൾ എന്റെ അടിമകളെ കണ്ടത്, അപ്പോൾ അവർ പറയും: ഞങ്ങൾ അവരുടെ അടുത്ത് ചെല്ലുമ്പോൾ അവർ നമസ്കാരത്തിലായിരുന്നു അവരെ ഉപേക്ഷിക്കുമ്പോഴും അവർ നമസ്കാര ത്തിലായിരുന്നു അതിനാൽ നീ അവർക്ക് പ്രതിഫലനാളിൽ പൊറുത്ത് കൊടുക്കേണമേ. (അഹ്മദ്)

**9: ശുദ്ധിയുള്ളവനായി രാത്രി കഴിച്ച്ക്കൂട്ടുന്നവൻ**

നബിﷺ പറഞ്ഞു: ആരെങ്കിലും ശുദ്ധിയുള്ളവരായി രാത്രി കഴിച്ച് കൂട്ടിയാൽ അവന്റെ വസ്ത്രത്തോടെപ്പം ഒരു മലക്കും ഉണ്ടായിരിക്കും അല്ലാഹുവെ നിന്റെ ഈ അടിമക്ക് നീ പൊറുത്ത് കൊടുകേണമേ കാരണം അവൻ ശുദ്ധിയുള്ളവനായികൊണ്ടാണ് രാത്രി കഴിച്ച് കൂട്ടിയത് എന്ന് മലക്ക് പറയാതെ അവൻ എഴുന്നേൽക്കുകയില്ല (അത്തർഗീബ് വത്തർഹീബ്)

**10: നബിﷺ യുടെ മേൽ സ്വലാത്ത് നിർവ്വഹിക്കുന്നു**

അല്ലാഹു പറയുന്നു: തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയുടെ മേൽ സ്വലാത്ത് നിർ

വഹിക്കുന്നുണ്ട്. സത്യവിശ്വാസികളെ, നിങ്ങളും നബി യുടെ മേൽ സ്വലാത്തും സലാമും ചൊല്ലുക (അൽ അഹ്സാബ്: 56)

## 11: നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലിയവൻ

നബിﷺ പറഞ്ഞു: ആരെങ്കിലും എന്റെ മേൽ ഒരു പ്രാവശ്യം സ്വലാത്ത് ചൊല്ലിയാൽ അതു മുഖേന അല്ലാഹു അവന് പത്ത് പ്രാവശ്യം സ്വലാത്ത് നിർവഹിക്കുന്നതാണ് (മുസ്ലിം)

അബ്ദുല്ലാഹിബ്ന് അംറ്ﷺ പറഞ്ഞു: ആരെങ്കിലും അല്ലാഹുവിന്റെ റസൂലിന്റെ പേരിൽ ഒരു പ്രാവശ്യം സ്വലാത്ത് ചൊല്ലിയാൽ അല്ലാഹുവും അവന്റെ മലക്കുകളും അവന്റെ മേൽ എഴുപത് പ്രാവശ്യം സ്വലാത്ത് നർവഹിക്കുന്നതാണ് അതിനാൽ അടിമ അത് കുറക്കുകയോ കൂട്ടുകയോ ചെയ്യട്ടെ. (അഹ്മദ്)

## 12: നന്മ പഠിപ്പിക്കുന്നവൻ

നബിﷺ യുടെ അടുത്ത് രണ്ട് ആളുകളെപറ്റി പറയപെട്ടു. ഒരാൾ ആരാധനയിൽ കഴിഞ്ഞ് കൂടുന്ന വനും അപരൻ പണ്ഡിതനും. അപ്പോൾ നബിﷺ പറ ഞ്ഞു ആരാധനയിൽ കഴിഞ്ഞ് കൂടുന്നവനെ അപേക്ഷി ച്ച് പണ്ഡിതന്റെ ശ്രേഷ്ഠത, ഞാനും നിങ്ങളുടെ കൂട്ടത്തി ലെ(ഈമാനിൽ) താഴെ കിടയിൽ ഉള്ള ഒരാളേയും പോലെയാണ്. പിന്നീട് നബിﷺ പറഞ്ഞു :തീർച്ചയാ യും അല്ലാഹുവും അവന്റെ മലക്കുകളും ആകാശഭൂമി കളിലുള്ളവരും - മാളത്തിലുള്ള ഉറുമ്പും, മൽസ്യം പോലും - ജനങ്ങൾക്ക് നന്മ പഠിപ്പിക്കുന്നവർക്കായി പ്രാർത്ഥിക്കുന്നു. (തിർമിദി)

## 13: നല്ല മാർഗത്തിൽ പണം ചിലവഴിക്കുന്നവർ

നബി ﷺ പറഞ്ഞു: ജനങ്ങൾ പ്രഭാതത്തിലാകുന്ന ഓരോ ദിവസവും രണ്ട് മലക്കുകൾ ഇറങ്ങുന്നു. അപ്പോൾ ഒരു മലക്ക് ഇപ്രകാരം പ്രാർത്ഥിക്കും അല്ലാഹുവേ, ചിലവഴിക്കുന്നവന് നീ പകരം നൽകേണമേ, അല്ലാഹുവേ, പിടിച്ച് വെക്കുന്നവന് നീ നാശം നൽകേണമേ എന്ന് മറ്റേ മലക്കും പ്രാർത്ഥിക്കും.(ബുഖാരി, മുസ്ലിം)

## 14: ഒരാളുടെ അസാനിധ്യത്തിൽ അയാളുടെ നന്മക്ക് വേണ്ടി പ്രാർത്ഥിച്ചാൽ, പ്രാർത്ഥിച്ചവനും പ്രാർത്ഥിക്കപ്പെട്ടവനും

നബി ﷺ പറഞ്ഞു: ഒരു മുസ്ലിം തന്റെ സഹോദരന് വേണ്ടി അവന്റെ അസാനിധ്യത്തിൽ വെച്ചുള്ള പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതാകുന്നു. (കാര്യങ്ങൾ) ഏൽപ്പിക്കപ്പെട്ട ഒരു മലക്ക് അവന്റെ തലയുടെ അടുത്ത് ഉണ്ടായിരിക്കും. തന്റെ സഹോദരന് വേണ്ടി നന്മക്ക് പ്രാർത്ഥിക്കുമ്പോഴൊക്കെ മലക്ക് ആമീൻ പറയുകയും നിനക്കും അപ്രകാരം ഉണ്ടായിരക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യും (മുസ്ലിം)

## 15:നോമ്പിന് അത്താഴം കഴിക്കുന്നവർ

നബി ﷺ പറഞ്ഞു: തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും അത്താഴം കഴിക്കുന്നവർക്കായി സ്വലാത്ത് നിർവഹിക്കുന്നു. (ത്വബ്റാനി)

## 16:ഭക്ഷണം കഴിക്കുന്നവരുടെ അടുത്ത് ഇരിക്കുന്ന നോമ്പുകാരൻ

നബി ﷺ പറഞ്ഞു: നോമ്പുകാരന്റെ അടുത്ത് ഭക്ഷണം കഴിക്കപ്പെട്ടാൽ അവർ വിരമിക്കുന്നത് വരെ തീർച്ചയായും മലക്കുകൾ അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കും.(അഹ്മദ്, തിർമിദി)

## 17:രോഗിയെ സന്ദർശിക്കുന്നവൻ

അലി ﷺ പറഞ്ഞു: നബി ﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു, ഒരു മുസ്ലിം തന്റെ സഹോദരനെ സന്ദർശിക്കുകയാണെങ്കിൽ അവന് വേണ്ടി പ്രാർത്ഥിക്കുന്ന എഴുപതിനായിരം മലക്കുകളെ അല്ലാഹു നിയോഗിക്കും, പകലിന്റെ ഏത് സമയത്താണെങ്കിലും വൈകുന്നേരം വരേയും, രാത്രിയുടെ ഏത് സമയത്താണെങ്കിലും പ്രഭാതം വരേയും മലക്കുകൾ അവന്വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കും.(അഹ്മദ്)

## 18: രോഗിയുടേയോ, മയ്യിത്തിന്റേയോ അടുക്കൽ വെച്ച് പറയുന്നതിന്

നബി ﷺ പറഞ്ഞു: നിങ്ങൾ രോഗിയുടേയോ, മയ്യിത്തിന്റേയോ അടുക്കൽ വെച്ച് നന്മ മാത്രം പറയുക, കാരണം നിങ്ങൾ പറയുന്നതിന് മലക്കുകൾ ആമീൻ പറയുന്നു.(മുസ്ലിം)

## 19:വിശ്വസിക്കുകയും, പശ്ചാത്തപിക്കുകയും, ദൈവമാർഗ്ഗത്തിൽ നിലകൊള്ളുകയും ചെയ്തവർ

അല്ലാഹു പറയുന്നു : സിംഹാസനം വഹിക്കുന്നവരും അതിന്റെ ചുറ്റിലുള്ളവരും(മലക്കുകൾ) തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം കീർത്തനം നടത്തുകയും അവനിൽ വിശ്വസിക്കുകയും വിശ്വസിച്ചവർക്ക് വേണ്ടി (ഇപ്രകാരം) പാപമോചനം തേടുകയും

ചെയ്യുന്നു; 'ഞങ്ങളുടെ രക്ഷിതാവേ നിന്റെ കാരുണ്യവും അറിവും സകല വസ്തുകളേയും ഉൾകൊള്ളുന്നതായിരിക്കുന്നു. ആകയാൽ പശ്ചാത്തപിക്കുകയും നിന്റെ മാർഗം പിൻതുടരുകയും ചെയ്യുന്നവർക്ക് നീ പൊറുത്ത് കൊടുക്കേണമേ. അവരെ നീ നരക ശിക്ഷയിൽനിന്ന് കാക്കുകയും ചെയ്യേണമേ. .ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ വാഗ്ദാനം ചെയ്തിട്ടുള്ള

സ്വർഗ്ഗങ്ങളിൽ അവരെയും അവരുടെ മാതാപിതാക്കൾ, ഭാര്യമാർ, സന്താനങ്ങൾ എന്നിവരിൽ നിന്നു സദ്വൃത്തരായിട്ടുള്ളവരേയും നീ പ്രവേശിപ്പിക്കേണമേ. തീർച്ചയായും നീ തന്നെയാകുന്നു പ്രതാപിയും യുക്തി മാനും. അവരെ തിന്മകളൽ നിന്ന് കാക്കുകയും ചെയ്യേ ണമേ. അന്നേ ദിവസം നീ ഏതൊരാളെ തിന്മകളൽ നിന്ന് കാക്കുന്നുവോ, അവനോട് തീർച്ചയായും നീ കരുണ കാണിച്ചിരിക്കുന്നു അതു തന്നെയാകുന്നു മഹാഭാഗ്യം (ഗാഫിർ :7–9)

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين.

***************